# ചരിത്രത്തിലെ ‘നായ്മ’

എം. എൻ. കാരശ്ശേരി



ചരിത്രത്തിലെ ‘നായ്ക്ക’

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Creation of the World, a painting by Michael Willmann (1630–1706). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ചരിത്രത്തിലെ 'നായ്ക്ക'

'ഭാർഗ്ഗവീനിലയ'ത്തിലെ നാരായണൻനായർ എന്നൊരാളെ ഒഴിച്ച് നിർത്തിയാൽ നിരവധി പ്രണയകഥകൾ പറഞ്ഞ ബഷീറിന്റെ ലോകത്ത് വില്ലന്മാരില്ലെന്ന കാണാം. നാരായണൻ നായരാകട്ടെ, കണ്ടുകിട്ടാൻ പ്രയാസമുള്ള അളവിൽ ക്രൗര്യം നിറഞ്ഞവനാണ്. പൂച്ചക്കണ്ണുകളിലൂടെ ഈ ദുഷ്ടസാന്നിധ്യം തിരക്കഥയിലെവിടെയും തെളിഞ്ഞുനില്പുണ്ട്. കഥാന്തരീക്ഷത്തിൽ പ്രേതഭീതിയായി വിങ്ങിനിൽക്കുന്നത് സുന്ദരിയും നർത്തകിയുമായ ഒരു പാവം പെൺകിടാവിന്റെ മരണാനന്തരചൈതന്യമല്ല, ഈ ദുരാത്മാവിന്റെ അവിശ്വസനീയവും സ്വാർത്ഥഭരിതവുമയ നിഷ്ഠുരതയാണ്. സാഹിത്യകാരൻ, മറ്റാർക്കും പറ്റാത്തവിധം ആ കറുപ്പ് കണ്ടെടുക്കുന്നു.

കഥാന്ത്യത്തിൽ നാരായണൻനായരോട് സാഹിത്യകാരൻ നേരിട്ടു പറയുന്നുണ്ട്: "നിങ്ങൾ ആർക്കും ഇതുവരെ ഒരു ഗുണവും ചെയ്തിട്ടില്ല. നിങ്ങളെന്തിനീ ഭയങ്കര കൊലപാതകങ്ങൾ ചെയ്തു? ഒരു പെണ്ണ് നിങ്ങളുടെ ഭാര്യയാകാൻ വിസമ്മതിച്ചു. അതിനവളെ കൊല്ലേണ്ട ആവശ്യമുണ്ടോ?... നിങ്ങളാ ശശികുമാറിനെയും കൊന്നു. എന്തൊരു ഹീനമായ പണിയാണ് നിങ്ങൾ ചെയ്തത്?"

ഇതുപോലെ മറ്റൊരു വില്ലനെ, മറ്റൊരർത്ഥത്തിൽ, ബഷീർ സൃഷ്ടിച്ചിട്ടുണ്ട്. ആ കഥാപാത്രം പക്ഷേ, മനുഷ്യനല്ല, നായയാണ്. ആന, പൂച്ച, ആട് തുടങ്ങിയ തിര്യക്പാത്രങ്ങൾക്ക് ബഷീറിന്റെ ലോകത്ത് ലഭിച്ച നായകത്വത്തിനും സ്നേഹവായ്പിനും ഏറെ പ്രസിദ്ധിയുണ്ട്. അക്കൂട്ടത്തിലെ ഒരു നായ വില്ലനായി ജീവിക്കുന്നു എന്നത് ശ്രദ്ധിക്കപ്പെട്ടിട്ടില്ല.

ഈ നായയുടെ പേര് "ടൈഗർ" എന്നാണ്. അതേ പേരിലുള്ള ചെറുകഥ (ജന്മദിനം എന്ന സമാഹാരം, 1945) അവന്റെ ചരിത്രം രേഖപ്പെടുത്തുന്നുണ്ട്:

അവൻ തെരുവിലെ ഏതോ തെണ്ടിപ്പട്ടിയുടെ മകനാണ്. ഗട്ടറിലാണ് ജനിച്ചത്. ഓർമ്മവച്ച കാലം മുതൽ പോലീസ് സ്റ്റേഷനിലാണ്. പോലീസ് ഇൻസ്പെക്ടറോടാണ് കൂടുതൽ മമത. തടവുകാർക്ക് സർക്കാർ അനുവദിച്ച ആഹാരത്തുകയിൽനിന്ന് പോലീസുകാർ വെട്ടിപ്പ നടത്തുന്നതിന്റെയും തല്ലുകൊള്ളുന്നതിന്റെയും എല്ലാം ക്രോധം തടവുകാർ ആ നായയോടു തീർത്തുപോന്നു. ഇൻസ്പെക്ടർ അത്ഭുതപ്പെട്ടു: "ആ സാധുമൃഗത്തെ എന്തുകൊണ്ട് അവർക്കു സ്നേഹിച്ചുകൂടാ?"

അതിനെ ഉപദ്രവിച്ചവർക്കെല്ലാം നല്ല തല്ലു കിട്ടി. തടവുകാരുടെ ദേഹത്തുനിന്ന് ഇറ്റിറ്റു വീഴുന്ന ചോര ടൈഗർ നക്കിത്തുടച്ചു.

അതെല്ലാം പതിവു രംഗങ്ങളായി അങ്ങനെ തുടർന്നുപോന്നു. ഒരു ദിവസം രാത്രി ടൈഗറിന് കഠിനമായി ഉപദ്രവമേറ്റു. അതിൽ പങ്കാളിയായ തടവുകാരനെ ഇൻസ്പെക്ടർ ക്രൂരമായി മർദ്ദിച്ചു. കഥ സമാപിക്കുന്നു:

"ഇൻസ്പെക്ടർ ചോദിച്ചു: മറ്റവൻ ഏതെടാ?

പക്ഷേ, അവൻ പറഞ്ഞില്ല. പറയുകയില്ലേ?... അവന്റെ കാലു രണ്ടും കമ്പിയഴികളുടെ ഇടയിലൂടെ വെളിയിൽ ഇട്ടുകെട്ടി, കാൽവെള്ളകളിൽ ചൂരലുകൊണ്ട് ആഞ്ഞാഞ്ഞ് അടിച്ചിട്ടും അവൻ പറഞ്ഞില്ല. കാൽവെള്ളകൾ പൊട്ടി ചോര ചിതറിയിട്ടും അവൻ പറഞ്ഞില്ല. അവന്റെ ബോധം കെട്ടുപോയിരുന്നു. അതുകൊണ്ടായിരുന്നു ടൈഗർ അവന്റെ കാൽവെള്ളയിലെ മുറിവുകളിൽ പരുപരുത്ത നാവുകൊണ്ടു നക്കിയിട്ടും അവൻ അനങ്ങാതെ കിടന്നത്.

ടൈഗർ ഭാഗ്യവാനായ ഒരു നായയാണ്."

തുടക്കത്തിലെ അതേ വാക്യം ആവർത്തിച്ച് കഥ അവസാനിപ്പിച്ചിരിക്കുന്നു. ബഷീറിന്റെ പതിവു രീതികൾ പരിചയമുള്ള ആരും ആ നായയുടെ ഭാഗത്തുനിന്ന് അദ്ദേഹം ഈ കഥ പറയും എന്നേ പ്രതീക്ഷിക്കൂ. പക്ഷേ, വ്യക്തമായി പറഞ്ഞിട്ടില്ലെങ്കിലും, തടവുകാരിലൊരുത്തന്റെ കാഴ്ചപ്പാടിൽ കഥ പറഞ്ഞിരിക്കുന്നു എന്നാണ് വായനക്കാരന്റെ അനുഭവം. ആ നായയോട് അനുഭാവം ജനിപ്പിക്കുന്ന യാതൊരു സൂചനയും കഥയിലെങ്ങുമില്ല. "അവന്റെ ഇരിപ്പു കണ്ടാൽ, വീർത്ത കരിമ്പടക്കെട്ടാണെന്നേ തോന്നൂ. കാലുകൾ നാലും വാലും വെളുത്തതാണ്. കണ്ണുകൾ ചുവപ്പുകലർന്ന തവിട്ടുനിറം. പോലീസുകാരന്റേതുപോലെ ടൈഗറിന്റെ കണ്ണുകൾക്കും രൂക്ഷതയുണ്ട്" എന്ന വിവരണത്തോടെ അവതരിപ്പിക്കപ്പെട്ട ഈ കഥാപാത്രത്തിന്റെ കരിനിറവും നക്കിക്കുടിക്കുന്ന മനുഷ്യരക്തത്തിന്റെ ചോരച്ചുവപ്പും ചേർന്ന് അറപ്പും ഭീതിയും ഇടകലർന്ന ഒരു ഭാവം ബാക്കിയാക്കിക്കൊണ്ട് 'ടൈഗർ' അനുവാചകഹൃദയത്തിൽ നിലനിൽക്കുകയാണ്—ശരിക്കും ഒരു വില്ലൻ തന്നെ!

നായ്ക്കളോട് ഇഷ്ടമുള്ള മനുഷ്യനായിരുന്നു ബഷീർ. ബേപ്പൂരിലെ 'വൈലാലിൽ' വീട്ടിൽ എന്നും വളർത്തുനായയുണ്ടായിരുന്നു—'ഷാൻ' എന്ന പേര്. അതു കാലഗതിയടഞ്ഞപ്പോൾ മറ്റൊന്നിനെ തേടിപ്പിടിച്ചു. അവന് 'ഷാൻ രണ്ടാമൻ' എന്ന പേരിട്ടു! ആ പരമ്പര അങ്ങനെ പോയി കുടുംബനാഥന്റെ മരണകാലത്ത് (1994 ജൂലായ്) ആ വീട്ടിലുണ്ടായിരുന്നത് 'ഷാൻ ഒമ്പതാമൻ' ആണെന്ന് കേട്ടിട്ടുണ്ട്. "ഞാനും ഭാര്യയും മോളും ഷാൻ എന്ന നായവർഗ്ഗത്തിൽപ്പെട്ട ഞങ്ങളുടെ ഉശിരൻ വ്യാഘ്രവുമായി കോംഗോയിലെ ഇരുട്ടു വനാന്തരങ്ങളിൽ അഭയം പ്രാപിക്കുന്നതാകുന്നു" (കണ്ണട—ഒന്ന്, രണ്ട്, മൂന്ന്) എന്ന മട്ടിൽ ബഷീർസാഹിത്യത്തിൽ ഇതേപ്പറ്റി ചിലേടത്ത് പരാമർശങ്ങൾ കാണാം.

തന്നെ സാകൂതം നോക്കിയിരുന്ന പുരുഷനയനങ്ങളെപ്പറ്റി "അതുകളെ യജമാനസ്നേഹമുള്ള നായയുടെ കണ്ണുകളോട് ഉപമിക്കാൻ അവൾക്കു തോന്നി" (മരുന്ന്) എന്ന രീതിയിൽ നായ ചിലേടത്ത് സദ്ഗുണങ്ങൾക്ക് പ്രതിനിധീഭവിക്കുന്നതിനും ഇവിടെ ഉദാഹരണങ്ങളുണ്ട്.

എന്നിട്ടും 'ടൈഗർ' എന്ന നായ എന്തുകൊണ്ട് ഭാർഗ്ഗവീനിലയത്തിലെ നാരായണൻ നായരെ അനുസ്മരിപ്പിക്കുന്ന മട്ടിലുള്ള ഒരു വില്ലനായി? കറുത്ത സില്ക്കുകുപ്പായം അണിഞ്ഞുകൊണ്ടു മാത്രം കടന്നുവരുന്ന ആ പാപാത്മാവും ഈ കറുത്ത നായയും തമ്മിൽ എന്താണ് ബന്ധം?

അഞ്ചു പേജു മാത്രം വരുന്ന കൊച്ചുകഥയായ 'ടൈഗർ' സത്യത്തിൽ ഒരു നായക്കഥയല്ല, ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ രേഖയാണ്:

അതൊരു രാഷ്ട്രീയ കഥയാണ്; കോളനിവാഴ്ചാവിരുദ്ധമായി നമ്മുടെ ഭാഷയിൽ എഴുതപ്പെട്ട അപൂർവം കഥകളിൽ ഒന്ന്.

ആ നായ അധികാരത്തിനും പീഡനത്തിനും മുമ്പിൽ വാലാട്ടിനിന്ന് സ്വാർത്ഥം നേടിയ ഇന്ത്യാക്കാരന്റെ ചിത്രമാണ്—കോളനിവാഴ്ചയുടെ ഉപ്പും ചോറും തിന്ന കൊഴുത്ത നായ്ക്കളുടെ മറ്റൊരു ലോകം. സ്വന്തക്കാരന്റെ ചോറും ചോരയും നക്കിത്തിന്നാണ് ആ വിധേയന്മാർ പുലരുന്നത്.

ഈ ചരിത്രപ്രതിഫലനം കഥാഖ്യാനത്തിൽ സൂക്ഷ്മരൂപത്തിലാണെങ്കിലും കടന്നുവരുന്നുണ്ട്:

1. "പോലീസുകാരന്റേതുപോലെ ടൈഗറിന്റെ കണ്ണുകൾക്കും രൂക്ഷതയുണ്ട്."
2. "ഇൻസ്പെക്ടറുടെ കണ്ണുകളും ടൈഗറിന്റെ കണ്ണുകളും ഒരുപോലെയാണെന്ന് തടവുകാർ പറയാറുണ്ട്."
3. "ഗംഭീരനായ അവൻ ലോക്കപ്പിന്റെ മുമ്പിലൂടെ അങ്ങുമിങ്ങും നടക്കും. അല്ലെങ്കിൽ ഏതെങ്കിലും ഒരു ലോക്കപ്പിന്റെ വാതില്ക്കൽ ചെന്നു കിടക്കും."
4. "ടൈഗർ ഊണു കഴിഞ്ഞു തോട്ടത്തിൽ കയറി ചെടികളുടെ തണലിൽ കിടക്കും. ചെറിയ ഒരുറക്കം കഴിഞ്ഞ് അവൻ വീണ്ടും ലോക്കപ്പുകളുടെ വാതില്ക്കൽ ഹാജരാകും."
5. ഏതെങ്കിലും ഒരു ചാവാലിപ്പട്ടിയെ കണ്ടാൽമതി, ടൈഗർ വാൽ തളർത്തി പിൻകാലുകളുടെ ഇടയിലൂടെ ഉള്ളിലാക്കി, അകത്തേയ്ക്ക് ഓടിപ്പോരും. അത്തരം ഒരു കാഴ്ചകണ്ട് രാഷ്ട്രീയതടവുകാരിൽ ഒരുവൻ ചിരിച്ചുകൊണ്ടു പറഞ്ഞു:

   "കണ്ടോ, നമ്മുടെ ഇൻസ്പെക്ടറുടെ വരവ്."

   നാട്ടുകാരുടെ അന്നംകൊണ്ടാണ് ഇത്തരം നായ്ക്കൾ കൊഴുക്കുന്നത് എന്ന് എടുത്തുപറഞ്ഞിട്ടുണ്ട്: "തടവുകാർ കമ്പിയഴികളിലൂടെ കൈനീട്ടി ഉഗ്രമായ കോപത്തോടെ ടൈഗറിനെ തടവും. 'ഞങ്ങളുടെ ചോറാണ്'—അവർ പറയും."

ഇത്തരം വ്യക്തികൾ എത്രമാത്രം ഭീരുക്കളായിരിക്കും എന്നും കഥയിൽ കാണിച്ചിട്ടുണ്ട്. മറ്റ ഏതു പട്ടി അവിടെ ചെന്നാലും ടൈഗർ ഭയങ്കരമായി കുരയ്ക്കും. ഒരു കടുവയുടെ ശൗര്യമാണവന് പോലീസ് സ്റ്റേഷന്റെ വെളിയിൽ വല്ലപ്പോഴും പോകുമ്പോൾ ഒരു ചാവാലിപ്പട്ടിയെ കണ്ടാൽ മതി, വാലും ചുരുട്ടി ഓടും! 'ടൈഗർ' എന്ന പേര് (നരി, കടുവ) ആ നായയ്ക്കു യുക്തമായിത്തീരുന്നത് മേൽപ്പറഞ്ഞ കുരപാസ്സാക്കുമ്പോൾ മാത്രമാണ്!

കൊല്ലം കസബാ പോലീസ്സ്റ്റേഷൻ ലോക്കപ്പിൽ വച്ചാണ് 'ടൈഗർ' എഴുതിയത് എന്ന് കഥാകാരൻ മറ്റൊരു കഥയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (വത്സരാജൻ—ആനപ്പൂട, 1975). സ്വാതന്ത്ര്യസമരത്തിന്റെ വീറ് കഥയിൽ നുരഞ്ഞുയരുന്നത് സ്വാഭാവികം. എങ്കിലും ആ അംശത്തിന്റെ വൈകാരികതയിൽ ആഖ്യാനം വീണുപോകാതെ കാത്തിരിക്കുന്നു.

എന്തുകൊണ്ട് ഈ പ്രതിരൂപം ഒരു നായയായി?

ഒരു ലോക്കപ്പിന്റെ സാഹചര്യത്തിൽ വളരെ സ്വാഭാവികമായി കണ്ടെത്താവുന്ന ഒരു കഥാപാത്രമാണ് നായ. ഇത്തരം പ്രതീകചിന്തകളൊന്നും കൂടാതെ ഒരു സാധാരണ കഥയായും ടൈഗർ വായിച്ചു തീർക്കാം. ബഷീറിന്റെ മിക്ക രചനയിലും ഈ ഒരു പ്രത്യേകത കാണാം—ഭിന്നവായനയ്ക്ക് അവ വഴി തുറക്കുന്നു.

നമ്മുടെ പഴമയിൽ പലേടത്തും കണ്ടുമുട്ടാവുന്ന ഒരു തിര്യക്പാത്രം നായയാണ്—സരമയുടെ സന്താനങ്ങളായ സാരമേയർ (നായ്ക്കൾ) യമന്റെ വാതിൽ കാക്കുന്നു എന്നുണ്ട്. വിധേയതയുടെ ചിരന്തനപ്രതീകം നായയാണ്. സ്വാർത്ഥത്തിനുവേണ്ടി കാര്യകാരണചിന്തയും നീതിബോധവുമില്ലാതെ വിധേയത്വം കാണിക്കുന്നവരെ നാം 'നായ' എന്ന് അധിക്ഷേപിക്കുന്നു...

കഥാകൃത്ത് എഴുതിയിരിക്കുന്നു:

"ഓരോ തടവുകാരന്റെയും ഹൃദയത്തിൽ കഠിനമായ ക്രോധമുണ്ട്. കണ്ണുകളിലൂടെ അവർ ടൈഗറിന്റെ നേർക്ക് അതു ചൊരിയും."

ഈ പ്രതീകം ബഷീർ സാഹിത്യരചനയുടെ ഭാഗമായി സൃഷ്ടിച്ചുവച്ചതല്ല. ഓരോ തടവുകാരനും അതു സ്വയം അനുഭവിക്കുകയുണ്ടായി എന്നു സൂചിപ്പിക്കുകയാണ് അദ്ദേഹം. ഇൻസ്പെക്ടറുടെയും ടൈഗറിന്റെയും കണ്ണുകൾ ഒരുപോലെയാണെന്ന് കണ്ടെത്തുന്നതും ആ നായപേടിച്ചോടിവരുമ്പോൾ 'ഇൻസ്പെക്ടറുടെ വരവു കണ്ടോ' എന്നു പരിഹസിക്കുന്നതും തടവുകാരാണ്.

ടൈഗറുടെ നില്പ്, നോട്ടം, ചലനം, കാഴ്ചപ്പാട് തുടങ്ങിയവയുടെ വിവരണത്തിൽ ഒരധികാരിയുടെ ഭാവവും ശരീരഭാഷയും ഗൂഢമായി വരച്ചുചേർക്കുന്ന പണി മാത്രമേ ആഖ്യാനത്തിൽ കഥാകാരൻ നേരിട്ടു ചെയ്യുന്നുള്ളൂ. ഒരുദാഹരണം: "ടൈഗറിനെ സംബന്ധിച്ചിടത്തോളം മനുഷ്യവർഗത്തിൽ രണ്ടിനമേയുള്ളൂ—പോലീസുകാരനും കുറ്റവാളികളും. ലോക്കപ്പുകളിലെ നാല്പത്തിയഞ്ചുപേരെയും ആ പട്ടി ഒരുപോലെയാണ് നോക്കുന്നത്. നാലുപേർ തനിച്ച് ഒരു ലോക്കപ്പിൽ കിടക്കുന്നത് രാഷ്ട്രീയപ്രവർത്തകന്മാരാണെന്നു ടൈഗർ ഗൗനിക്കാറില്ല."

അങ്ങനെ കഥയിലെ ഇതരകഥാപാത്രങ്ങളും കഥാകൃത്തും കൂടിച്ചേർന്നാണ് ഈ നായ(ക) കഥാപാത്രത്തെ ഒരു പ്രതീകമായി വളർത്തിയെടുക്കുന്നത്. അതത്രമേൽ സ്വാഭാവികമായിത്തീരുകയും ചെയ്തു.

കഥ പുരോഗമിക്കുന്നതിനനുസരിച്ച് കോളനി വാഴ്ചയുടെ ദാസന്റെ ചിത്രം എന്നതിൽ നിന്ന് കോളനി വാഴ്ചയുടെ രൂപംതന്നെയായി ആ 'ടൈഗർ' വളരുന്നു എന്ന തോന്നിപ്പോകും. ആ ലോക്കപ്പിൽ എല്ലാം നടക്കുന്നത് ഈ ഒരു ജന്തുവിന് വേണ്ടിയാണ്. "അതേ! ഇതാണ് ജീവിതം—ഇതിനെ മാറ്റുവാൻ ആർക്കും സാധ്യമല്ല" എന്ന ഭാവത്തിൽ ആ ജീവി തടവുകാരെ നോക്കുന്നതിനെപ്പറ്റി നേരത്തേ പറയുന്നുണ്ട്. ഇന്ത്യ തന്നെയും ഒരു തടവുമുറിയായി രൂപാന്തരപ്പെട്ട കാലത്തിന്റെ ചിത്രമാണ് ഇവിടെ തെളിയുന്നത്. "ക്ഷാമം പിടിപെട്ടു ജനങ്ങൾ പട്ടിണിയാൽ എല്ലും തോലുമായിത്തീർന്നെങ്കിലും ടൈഗറിന് ചടവൊന്നും ഉണ്ടായിരുന്നില്ല" എന്ന് നായയുടെ ഭാഗ്യം കഥാരംഭത്തിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. തടവുകാരെല്ലാം ചേർന്ന് പറയുകയുണ്ടായി: "ഗവൺമെന്റ് ടൈഗറാണ്."

വിദേശികളുടെ ഭരണത്തെപ്പറ്റിയോ, സ്വാതന്ത്ര്യത്തിന്റെ ആവശ്യകതയെപ്പറ്റിയോ ഒന്നും കഥയിൽ പരാമർശമില്ല. സാമൂഹ്യയാഥാർത്ഥ്യങ്ങൾ സ്വാഭാവികമായി അവതരിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളൂ...

ആർക്കും പ്രതീക്ഷിക്കനാവാത്തതരത്തിൽ ഭീകരതയും ദുരിതവും മാത്രം കടന്നുവരാവുന്ന ഈ കഥയിലും ഇൻസ്പെക്ടർ തടവുകാരോടു കളി പറയുകയും അവരോടൊപ്പം ഭക്ഷണം കഴിക്കുകയും ചിരിക്കുകയും ചെയ്യുന്നുണ്ട്.

തടവുകാരെ ആദർശവല്ക്കരിക്കാനുള്ള യാതൊരു ശ്രമവും ബഷീറിന്റെ ഭാഗത്തില്ല. അവരെപ്പറ്റി ഒരു നിരീക്ഷണം. "ആഹാരത്തെപ്പറ്റിയുള്ള കഠിനമായ ഒരാർത്തി മാത്രമേ അവർക്കു ചിന്തയായി ഉള്ളൂ. രാത്രി ഉറങ്ങാൻ കിടക്കുന്നത് കാലത്തെ കഞ്ഞി കുടിക്കുവാനാണ്. കഞ്ഞികുടി കഴിഞ്ഞാൽ ഉച്ചയ്ക്കുള്ള ഊണിനെപ്പറ്റിയാണ് വിചാരം"—യാഥാർത്ഥ്യത്തെ അപ്പടി ആവിഷ്കരിക്കുവാൻ ഈ എഴുത്തുകാരന് ഒരു ബേജാറുമില്ല.

കഥാന്ത്യത്തിൽ പ്രതിഷേധക്കാരനായ കൂട്ടുകാരന്റെ പേര് പറയാതെ, മർദ്ദനമേറ്റുവാങ്ങി ബോധം കെട്ടുപോകുന്ന "ആദർശകഥാപാത്രം" രാഷ്ട്രീയത്തടവുകാരനല്ല, മറിച്ച് മോഷണക്കേസിലെ പ്രതിയാണ് എന്നതും ശ്രദ്ധിക്കണം—ബലിയുടെ രൂപമായി മാറുന്നത് ഒരു കള്ളനാണ്.

നായയുടെ ഭാഗ്യത്തെപ്പറ്റിയാണ് അവസാനത്തെ പരാമർശമെങ്കിലും ചോര ചോരുന്ന കാൽപ്പടവുമായി, നിശബ്ദപ്രതിഷേധവുമായി, മർദ്ദനങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടു, ബോധമറ്റു കിടക്കുന്ന ഒരു മനുഷ്യന്റെ ചിത്രമാണ് ഈ കഥ നീട്ടിപ്പിടിക്കുന്നത്. ചെറുത്തുനില്പിന്റെ കഥനമായി അങ്ങനെ 'ടൈഗർ' രൂപാന്തരപ്പെടുന്നു.


ടി. പത്മനാഭൻ

നമ്മുടെ ഭാഷയിൽ നായക്കഥകൾ പലതുണ്ട്—നായയോടുള്ള മനുഷ്യന്റെ നന്ദികേട് തകഴി 'വെള്ളപ്പൊക്കത്തിൽ' എന്ന കഥയിൽ ചിത്രീകരിക്കുകയുണ്ടായി. കാലക്രമത്തിൽ അവഗണിതനാകുന്ന ധീരനും നിർഭാഗ്യവാനുമായ ഒരു പോരാളിയാണ് ടി. പത്മനാഭന്റെ 'ശേഖൂട്ടി' അങ്ങേയറ്റം സഹതാപം അർഹിക്കുന്നവിധം മനുഷ്യൻ 'റോസി' എന്ന പട്ടിക്കുഞ്ഞിനെ കൈകാര്യം ചെയ്ത കഥ എം. ടി. വാസുദേവൻ നായരും പറഞ്ഞിട്ടുണ്ട്. പി. കെ. ബാലകൃഷ്ണന്റെ 'പ്ലൂട്ടോ'യും സ്നേഹാർഹൻ തന്നെ. ഈ കഥകൾക്കെല്ലാം അടിപ്പടവായി കിടക്കുന്നത് സഹജീവിസ്നേഹമാണ്.


എം. ടി. വാസുദേവൻ നായർ

പുതിയ കാലത്തെ ചില നായക്കഥകളിൽ ഈ കഥാപാത്രം വില്ലനായി കോലം മാറുന്നുണ്ട്. എം. പി. നാരായണപിള്ളയുടെ 'പരിണാമ'ത്തിൽ ആ ഒരംശമുണ്ട്. ജോൺ അബ്രഹാമിന്റെ 'പ്ലാസ്റ്റിക് കണ്ണുകളുള്ള പട്ടി'യിൽ ടോമി എന്ന നായ അസഹ്യമായ ഒരു സാന്നിധ്യമാണ്. ഭാര്യയുടെ വളർത്തുപട്ടിക്കു മുന്നിൽ ഭർത്താവ് ജോണി അസ്വസ്ഥനാകുന്നു. എപ്പോഴും തന്നെത്തന്നെ സൂക്ഷിച്ചുനോക്കുന്ന ആ തിളങ്ങുന്ന കണ്ണുകൾ! നിലനില്പിന്റെ അർത്ഥശൂന്യത സ്വത്വനഷ്ടത്തിന്റെ പ്രഹേളികാസ്വഭാവമാർന്ന വിധിയായിത്തീരുന്നു. നിസ്സഹായതയുടെ പാരമ്യത്തിൽ ടോമിയെ വെടിവെച്ചു വീഴ്ത്തി ജോണി ബോധം വെടിയുന്നു. സമ്പത്തിനും മാന്യതയ്ക്കുമിടയിൽ "വിനീതനായി" നില്ക്കേണ്ടിവന്ന കലാകാരനായ ജോണിന്റെ ഒരംശം ഇവിടത്തെ ജോണിയിൽ ഉണ്ട്. അതിന്റെ ക്ഷോഭം കഥയ്ക്കു പിരിമുറുക്കം നല്കുന്നു.

അധികാരത്തിനും മർദ്ദനത്തിനുമിടയിൽ സ്വാതന്ത്ര്യപോരാളിയായി നിന്നുകൊണ്ടാണ് ബഷീർ ടൈഗറെ കാണുന്നത്. ഇവിടത്തെ ബോധക്ഷയം മർദ്ദനത്തിന്റെ ഫലമാകുന്നു.

റ്റി. പത്മനാഭന്റെ 'ശേഖൂട്ടി'യിൽ നായയുടെ ഉള്ളിലേയ്ക്കു മനുഷ്യനെ കടത്തിവിടുകയാണ്; ബഷീറിന്റെ 'ടൈഗറി'ലാകട്ടെ മനുഷ്യന്റെ ഉള്ളിലേയ്ക്കു നായയെ കടത്തിവിട്ടിരിക്കുന്നു.

ടൈഗറിന്റെ വ്യക്തിത്വം നമ്മുടെ ചരിത്രത്തിലെ 'നായ്ക്ക'യുടെ നാല്ക്കാലിരൂപമാകുന്നു.

ദീപിക വാർഷികപതിപ്പ്: 1996.

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014